## പത്രക്കുറിപ്പ്

# മ്യൂസിയം-നന്തൻകോട്-ടി.ടി.സി റോഡിൽ ഗതാഗത നിയന്ത്രണം

## ഹോട്ടൽ ആക്രമിച്ച് ജീവനക്കാരനെ കൊലപ്പെടുത്താൻ ശ്രമിച്ച കേസ്സിലെ പ്രതി പിടിയിൽ

### കോവിഡ്-19

## വിലക്ക് ലംഘനം: 132 പേർക്കെതിരെ നിയമനടപടി 43,000/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- നഗരത്തിലെ മ്യൂസിയം-നന്തൻകോട്-ടി.ടി.സി റോഡിൽ ഗതാഗത നിയന്ത്രണം ഉണ്ടാകുമെന്ന് ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. മ്യൂസിയം-നന്തൻകോട്-ടി.ടി.സി റോഡിൽ കനകനഗർ ബസ് സ്റ്റോപ്പിന് സമീപം കലുങ്ക് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ ഈ റോഡിലൂടെയുള്ള ഗതാഗതം തടസ്സപ്പെടുമെന്ന് പൊതുമരാമത്ത് വകുപ്പ് സിറ്റി റോഡ്സ് വിഭാഗം അറിയിച്ചിട്ടുള്ളതിനാലും മേൽപ്പറഞ്ഞ റോഡിൽ 04.01.2021 തീയതി മുതൽ 24.01.2021 വരെ ഗതാഗത തടസമുണ്ടാകാൻ ഇടയാകുമെന്നതിനാലും നന്ദനകോട്-മ്യൂസിയം റോഡ് ഒഴിവാക്കി മ്യൂസിയം- വെള്ളയമ്പലം-കവടിയാർ റോഡ് വഴിയോ, നന്ദനകോട്-ദേവസ്വം ബോർഡ്- കെൻസ്റ്റൺ /ടി.ടി.സി റോഡ് വഴിയോ പോകേണ്ടതാണ്.

ദേവസ്വം ബോർഡ്- ടി.ടി.സി റോഡിലും, ദേവസ്വം ബോർഡ്- കെൻസ്റ്റൺ റോഡിലും വാഹനങ്ങൾ പാർക്ക് ചെയ്യാൻ പാടുള്ളതല്ല. തിരുവനന്തപുരം സിറ്റി പോലീസിന്റെ മേൽപ്പറഞ്ഞ ഗതാഗത ക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കേണ്ടതാണ്.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികൾക്കും നിർദ്ദേശങ്ങളും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാവുന്നതാണ്.

**ഫോൺ നമ്പരുകൾ: 0471-2558731, 0471-2558732**

## ഹോട്ടൽ ആക്രമിച്ച് ജീവനക്കാരനെ കൊലപ്പെടുത്താൻ ശ്രമിച്ച കേസ്സിലെ പ്രതി പിടിയിൽ

തിരുവനന്തപുരം:- വിഴിഞ്ഞം വെങ്ങാനൂർ അമരിവിള ജംഗ്ഷന് സമീപം ഹോട്ടൽ അടിച്ച് തകർത്ത് ജീവനക്കാരനെ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസ്സിലെ പ്രതി പിടിയിലായതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വെങ്ങാനൂർ വില്ലേജിൽ വെങ്ങാനൂർ കെ.എസ് റോഡിൽ പന നിന്നവിള വീട്ടിൽ സൂരജ് (19)-നെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്. വെങ്ങാനൂർ ജംഗ്ഷന് സമീപം മോഹൻ കുമാർ നടത്തി വന്നിരുന്ന ഹോട്ടലിന്റെ അടുക്കള ഭാഗത്ത് അതിക്രമിച്ച് കയറിയ പ്രതികൾ ഇലക്ട്രിക്കൽ ഉപകരണങ്ങളും



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത
സൂരജ് (19)

ഫർണിച്ചറുകളും അടിച്ച് നശിപ്പിച്ച് ഭീകരാന്തരീക്ഷം സൃഷ്ടിച്ചശേഷം ഹോട്ടൽ ജീവനക്കാരനെ മാരകായുധങ്ങൾ ഉപയോഗിച്ച് പരിക്കേൽപ്പിക്കുകയായിരുന്നു. പ്രദേശത്ത് നിരന്തരമായി സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന പ്രതികൾ മദ്യത്തിനും മയക്കുമരുന്നിനും അടിമകളുമാണ്. ഹോട്ടലിൽ നിന്നും വാങ്ങിയ കറിയ്ക്ക് രുചി കുറവാണെന്ന് പറഞ്ഞ് ഹോട്ടൽ ജീവനക്കാരുമായി വാക്ക് തർക്കത്തിൽ ഏർപ്പെടുകയും തുടർന്ന് ആക്രമണപ്രവർത്തനങ്ങൾ നടത്തുകയുമായിരുന്നു. കേസ്സിലെ ഒന്നും രണ്ടും പ്രതികളെക്കുറിച്ച് പോലീസിന് വ്യക്തമായ വിവരങ്ങൾ ലഭിച്ചിട്ടുണ്ട്. കേസ്സിലെ മൂന്നാം പ്രതിയായ സൂരജിനെ വിഴിഞ്ഞം എസ്.എച്ച്.ഒ പ്രവീൺ കുമാർ, എസ്.ഐ-മാരായ സജി.എസ്.എസ്, തിങ്കൾ ഗോപകുമാർ, എസ്.സി.പി.ഒ സജൻ എന്നിവരടങ്ങുന്ന പോലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (02-01-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 132 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 37പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 84 പേരിൽ നിന്നും സാമൂഹികഅകലം പാലിക്കാത്ത 2പേരിൽ നിന്നുമായി 43,000/- രൂപ പിഴ ഈടാക്കി. കൂടാതെ, കോവിഡ് സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ്

നടത്തിയ 5 വാഹനങ്ങൾക്കെതിരെയും, മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ തുറന്ന് പ്രവർത്തിച്ച 4 കടകൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി

02-01-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി